# Desabhimani

## 31 August 2018

## Kalamassery, After Flood, Primary Health Center



ഏലൂരിൽ സേവനത്തിനെത്തിയ ആർമി മെഡിക്കൽ കോർ സംഘത്തലവൻ ഡോ. ആർ ഗൗതം കെ വർമ ഡോ. ടി എസ് സന്ധ്യയുമായി സംസാരിക്കുന്നു

# ഏലൂരിൽ പ്രാഥമികാരോഗ്യ കേന്ദ്രം മഞ്ഞുമ്മലിലേക്ക് മാറ്റി

**കളമശേരി**

ഏലൂർ നഗരസഭാ പ്രാഥമികാരോഗ്യ കേന്ദ്രം വെള്ളിയാഴ്ച മുതൽ ആർമി മെഡിക്കൽ സംഘത്തിന്റെ സഹകരണത്തോടെ മഞ്ഞുമ്മലിൽ പ്രവർത്തിക്കും. മഞ്ഞുമ്മൽ നഗരസഭാ വനിതാ ഹോസ്റ്റലിന് സമീപമുള്ള ബഡ്സ് സ്കൂളിലാണ് പ്രവർത്തനം.

ഏലൂരിൽ നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം വെള്ളം കയറി സാധനങ്ങളെല്ലാം ഉപയോഗശൂന്യമായി. ഇതിനാലാണ് പ്രവർത്തനം മഞ്ഞുമ്മലിലേക്ക് മാറ്റുന്നത്. നഗരസഭയിൽ 80 ശതമാനവും വെള്ളപ്പൊക്കബാധിതരാണ്. സംസ്ഥാന സർക്കാർ നിർദേശപ്രകാരമാണ് ആർമി മെഡിക്കൽ സംഘം ഏലൂരിലെത്തിയത്.

ഡോ. സിദ്ധാർത്ഥ പ്രസാദ്, ഡോ. ഗൗതം വർമ, ഡോ. സിദ്ധാർത്ഥ എന്നിവരുൾപ്പെടെ 23 പേരാണ് സംഘത്തിലുള്ളത്. ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഒ ടി ടെക്നീഷ്യൻ എന്നിവരുമുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ ഉൾപ്പെടെ 18 പേരാണു നിലവിലുള്ളത്.